(5) സുൽത്താൻ ബത്തേരി താലൂക്കിലെ വന്യമൃഗശല്യം തടയാൻ നടപടി

ശ്രീ. എൻ. ഡി. അപ്പച്ചൻ: സർ, വയനാട്ടിൽ, എന്റെ നിയോജകമണ്ഡലമായ സുൽത്താൻ ബത്തേരിയിൽ വന്യമൃഗ സംരക്ഷണ കേന്ദ്രങ്ങൾക്കടുത്ത് താമസിക്കുന്ന നൂറ് കണക്കായ ജനങ്ങൾ വളരെ ഭീതിയിൽ കഴിഞ്ഞുകൊണ്ടിരിക്കുകയാണ്. കാട്ടാനകളും മറ്റ് വന്യമൃഗങ്ങളും നാട്ടിലേയ്ക്കിറങ്ങി കൃഷിക്കാരുടെ കാർഷിക ഉല്പന്നങ്ങൾ മുഴുവൻ നശിപ്പിക്കുന്നു. കഴിഞ്ഞ ഒരു വർഷത്തിനിടയ്ക്ക് ആദിവാസികളടക്കം നാലു പേർ മരിക്കാനിടയായ സാഹചര്യവും ഉണ്ടായിട്ടുണ്ട്. അടിയന്തിരമായി ജനങ്ങളുടെ ജീവനും സ്വത്തും സംരക്ഷിക്കുന്നതിനുവേണ്ടി ആവശ്യമായ നടപടികൾ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് സ്വീകരിക്കേണ്ടതായിട്ടുണ്ട്. കിടങ്ങുകൾ കുഴിച്ചുകൊണ്ടോ അല്ലെങ്കിൽ വൈദ്യുതി കമ്പിവേലി നിർമ്മിച്ചുകൊണ്ടോ മതിൽ കെട്ടിയോ ആണ് ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നത്. പക്ഷേ ഇപ്പോൾ ഡിപ്പാർട്ടുമെന്റിന് പണമില്ല എന്നു പറഞ്ഞ് ആ പ്രവർത്തനങ്ങൾ മന്ദീഭവിപ്പിക്കുന്ന ഒരു സാഹചര്യം നിലനിൽക്കുകയാണ്. ദാരുണമായ പല സംഭവങ്ങൾ കഴിഞ്ഞ രണ്ടാഴ്ചയ്ക്കുള്ളിൽ ആ പ്രദേശങ്ങളിൽ നടന്നിട്ടുണ്ട്. ഒരാഴ്ചയായിട്ട് പത്രങ്ങളിൽ മുഴുവൻ വാർത്ത വരുന്നുണ്ട്. വന്യമൃഗങ്ങൾ നാട്ടിലിറങ്ങി മുഴുവൻ കൃഷിയും നശിപ്പിക്കുന്ന ഒരു സ്ഥിതിയാണുള്ളത്. അതിൽനിന്ന് അവർക്ക് രക്ഷ നേടുന്നതിനുവേണ്ടി കൃഷി നഷ്ടപ്പെട്ടവർക്കും നഷ്ട പരിഹാരം കൊടുക്കണം. അതുപോലെ മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്കും നഷ്ട പരിഹാരം നൽകാൻ വേണ്ട നടപടികൾ ഗവൺമെന്റ് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വനവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ): വന്യമൃഗങ്ങൾ ഉണ്ടാക്കുന്ന കൃഷിനാശത്തെക്കുറിച്ചും ആൾ അപകടങ്ങളെക്കുറിച്ചും സർക്കാരിന് അതീവ ഉത്കണ്ഠയുണ്ട്. ഇത് നമ്മുടെ നാട്ടിൽ മാത്രമല്ല, വനവും മൃഗങ്ങളും പരിരക്ഷിക്കപ്പെടുന്ന ലോകമെമ്പാടും ഈ പ്രശ്നം അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ കേരളത്തിൽ വന്യമൃഗങ്ങൾമൂലം കൃഷി നാശവും ആളപകടങ്ങളും ഏറ്റവും കൂടുതൽ ഉണ്ടാകുന്നത് വയനാട് ജില്ലയിലാണ്. പ്രശ്ന പരിഹാരത്തിനായിട്ട് രണ്ടു മൂന്നു മാർഗ്ഗങ്ങളേയുള്ളു. ഒന്ന്, ഫെൻസിംഗ് വേണം. അതുമല്ലെങ്കിൽ ട്രഞ്ച് കുഴിക്കണം. അതുമല്ലെങ്കിൽ മതിൽ കെട്ടണം. ഇതിനൊക്കെ വരുന്ന സാമ്പത്തികമായ ബാധ്യത സർക്കാരിന്റെ മുന്നിൽ വലിയ ഒരു പ്രശ്നമാണ്. വയനാട്ടിൽ ഇതുവരെ 194 കിലോമീറ്റർ വൈദ്യുതി കമ്പിവേലി (ഇലക്ട്രിക് ഫെൻസിംഗ്) കെട്ടിക്കഴിഞ്ഞു. 96 കിലോമീറ്റർ കിടങ്ങ് കുഴിച്ചിട്ടുണ്ട്. അതുപോലെ 1.086 കിലോമീറ്റർ മതിലും നിർമ്മിച്ചിട്ടുണ്ട്. പ്രതിരോധ നടപടികളൊക്കെ എടുത്തിട്ടുണ്ടെങ്കിലും വയനാട് പ്രശ്നത്തിന് പരിഹാരമായിട്ടില്ല എന്നു നമുക്കറിയാം. പൊതുജന സഹകരണത്തോടുകൂടി മാത്രമേ ഈ പ്രശ്നത്തിന് ആത്യന്തികമായി പരിഹാരമുണ്ടാക്കുവാൻ സാധിക്കൂ. അതുകൊണ്ടുതന്നെ പൊതുജനങ്ങളെ ഉൾപ്പെടുത്തി രൂപീകരിച്ച എക്കോ ഡവലപ്മെന്റ് കമ്മിറ്റികൾ മുഖേന വൈദ്യുതി വേലികൾ നിർമ്മിക്കാനുള്ള നടപടികൾ ഗവൺമെന്റ് കൈക്കൊണ്ടിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് വയനാട്ടിലെ മുഴുവൻ പ്രദേശങ്ങളും വൈദ്യുതി വേലിയോ കിടങ്ങോ മതിലോ കെട്ടി വന്യമൃഗ ആക്രമണത്തിൽനിന്ന് ജനങ്ങളെ രക്ഷപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഈ കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ ആയിരത്തോളം അപേക്ഷകളിലായി ഇരുപത്തിനാല് ലക്ഷം രൂപ വയനാട്ടിൽമാത്രം നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. ഇനിയും അപേക്ഷകൾ പെന്റിംഗിലുണ്ട്. സാമ്പത്തിക പ്രതിസന്ധികൊണ്ടാണ് അത് പൂർണ്ണമായി കൊടുത്തു തീർക്കുന്നതിന് ഗവൺമെന്റിന് സാധിക്കാതെ പോയത്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നിലവിലുള്ള മുഴുവൻ അപേക്ഷകൾ പരിഗണിച്ച് നഷ്ടപരിഹാരം കൊടുക്കുമെന്ന് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുന്നു. അതുപോലെതന്നെ വയനാട്ടിൽ വളരെയേറെ നിർണ്ണായകമായ ഈ പ്രശ്നത്തിന് പരിഹാരം കാണാനുള്ള സത്വര ശ്രദ്ധ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമെന്ന് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly